പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം
നം. 2365

12.03.2020-ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ സാംസ്കാരിക നിലയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ എത്ര സാംസ്കാരിക നിലയങ്ങൾ നിർമ്മിക്കാനാണ് ഈ സർക്കാരിന്റെ കാലയളവിൽ ഫണ്ട് വകയിരുത്തിയതെന്ന് വിശദമാക്കാമോ; | (എ) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും 40 കോടി രൂപ വീതം ചെലവഴിച്ച് എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ പാലക്കാട് ജില്ലയിലെ യാക്കരയിൽ നവോത്ഥാന നായകൻ വി. ടി. ഭട്ടതിരിപ്പാടിന്റെ നാമധേയത്തിൽ ഒരു സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബി 56,48,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. കൂടാതെ ഈ സർക്കാരിന്റെ കാലയളവിൽ പാലക്കാട് ജില്ലയിൽ 5 സാംസ്കാരിക നിലയങ്ങൾ നിർമ്മിക്കുന്നതിന് കൂടി ഫണ്ട് അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| സ്മാരകം /നിലയം- നാമധേയം | ഫണ്ട് അനുവദിച്ച സ്ഥാപനം | തുക/രൂപ |
|---|---|---|
| ആർ. കൃഷ്ണൻ സ്മാരക നിലയം | ആലത്തൂർ ഗ്രാമപഞ്ചായത്ത് | 10,00,000/- രൂപ |
| ഒളപ്പമണ്ണ | പെരിങ്ങോട്ട്കുറിശ്ശി | 75,00,000/- |

| | | |
|---|---|---|
| സ്മാരക മന്ദിരം | ഗ്രാമപഞ്ചായത്ത് | രൂപ |
| പട്ടിക്കാംതൊടി രാവുണ്ണി മേനോൻ സ്മാരക നിലയം | വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | 10,00,000/- രൂപ |
| എം.ഡി. രാമനാഥൻ സ്മാരക മന്ദിരം | കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് | 1,00,00,000/- രൂപ |
| ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകം | പാലക്കാട് ജില്ലാ കളക്ടർ (നിർമ്മിതി കേന്ദ്രം, പാലക്കാട്) | 25,00,000/- രൂപ |

(ബി) ഇതിൽ എത്ര സാംസ്കാരിക കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; മറ്റുള്ളവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ?

(ബി) മേൽ പറഞ്ഞവയിൽ എം.ഡി രാമനാഥൻ സ്മാരക മന്ദിരത്തിന്റെയും, ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകത്തിന്റെയും പണി പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവയുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**